

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 18. ഹിന്ദുമതം

സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം


18 ഹിന്ദുമതം . . . . . . . . . . . . . . . . . . . . . . . . . . . . . 1

1 ബ്രാഹ്മണമതവും ഹിന്ദുമതവും . . . . 3

2 ആത്മീയവാദത്തിന്റെ മേധാവിത്വം . . 4

3 ബാദരായണന്റെ ബ്രഹ്മസൂത്രം . . . . 5

4 ഭഗവദ്ഗീത . . . . . . . . . . . . . . 6

5 സാംഖ്യയോഗങ്ങളുടെ സ്വാധീനം . . . 7

6 ഹിന്ദുമതത്തിന്റെ അടിത്തറ . . . . . 8

# 18

# ഹിന്ദുമതം

പ്രാകൃത കമ്യൂണിസത്തിന്റെയും തകർച്ചയുടെയും അടിമത്തവ്യവസ്ഥയുടെ ആവിർഭാവത്തിന്റെയും കാലത്താണ് ബ്രാഹ്മണമതവും വർണാശ്രമവ്യവസ്ഥയും ഉയർന്നുവന്നത്. ആദ്യകാലത്ത് അവ സാമൂഹ്യവളർച്ചയെ സഹായിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്തു. പക്ഷേ, അവ പുരോഹിതവർഗത്തിന്റെ സ്ഥാപിതതാൽപര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകിയിരുന്നത്. ഉല്പാദനശക്തികളുടെ വളർച്ചയുടെ ഫലമായി ക്ഷത്രിയന്മാരുടെയും വൈശ്യന്മാരുടെയും ശക്തി വർദ്ധിക്കുകയും അടിമത്തത്തിന്റെ അടിസ്ഥാനത്തിലുള്ള വലിയ സാമ്രാജ്യങ്ങൾ സ്ഥാപിക്കേണ്ട ആവശ്യം നേരിടുകയും ചെയ്തപ്പോൾ ബ്രാഹ്മണമതം അപര്യാപ്തമായിത്തീർന്നു. പുരോഹിതന്മാരുടെ മേധാവിത്വത്തേയും അധികാരത്തേയും എതിർക്കാതെ വലിയ അടിമത്ത സ്റ്റേറ്റുകൾ സ്ഥാപിക്കുക എളുപ്പമായിരുന്നില്ല. ഈ പരിതഃസ്ഥിതിയിലാണ് ബ്രാഹ്മണമതത്തിനെതിരായി ബുദ്ധമതം തലയുയർത്തിയത്. അടിമത്തവ്യവസ്ഥയുടെ ഭരണാധികാരികൾ ബുദ്ധമതത്തെ ഔദ്യോഗിക മതമായംഗീകരിക്കുകയും അതിന്റെ സഹായത്തോടുകൂടി തങ്ങളുടെ സ്വത്തുക്കളും കച്ചവടവും വികസിപ്പിക്കുകയും ചെയ്തു.

## 1 ബ്രാഹ്മണമതവും ഹിന്ദുമതവും

എന്നാൽ, അടിമകളെക്കൊണ്ടു പണിയെടുപ്പിക്കുന്ന സമ്പ്രദായം ക്ഷയിക്കുകയും അതിന്റെ സ്ഥാനത്ത് വിളവിന്റെ ഒരു ഭാഗം നൽകണമെന്ന നിബന്ധനയിന്മേൽ കൃഷിചെയ്യാൻ തയ്യാറുള്ളവർക്ക് ഭൂമി ഏൽപ്പിച്ചുകൊടുക്കുന്ന ഫ്യൂഡൽ ഭൂവുടമബന്ധങ്ങൾ രൂപപ്പെടുകയും ചെയ്തപ്പോൾ ബ്രാഹ്മണമതവും ബുദ്ധമതവും ഒരുപോലെ അപര്യാപ്തമായിത്തീർന്നു. ഈ കാലഘട്ടത്തിലാണ് ബ്രാഹ്മണമതത്തിന്റെ സ്ഥാനത്ത് ഹിന്ദുമതം പ്രത്യക്ഷപ്പെട്ടത്. ഒരുഭാഗത്ത് ക്ഷയിക്കാൻ തുടങ്ങിയിരുന്ന ബുദ്ധമതത്തിനും സാംഖ്യന്യായവൈശേഷികാദി ദർശനങ്ങൾക്കും എതിരായ താത്വികപ്രഹരങ്ങൾ, മറുവശത്ത് ജനങ്ങളുടെയിടയിൽ രൂഢമൂലങ്ങളായിരുന്ന വിശ്വാസങ്ങളുമായും ക്രിയാനുഷ്ഠാനങ്ങളുമായും ഇണങ്ങിച്ചേരൽ — ഈ ഗതിക്രമത്തിലൂടെയാണ് ഹിന്ദുമതം ആവിർഭവിച്ചത്.

ചില ഗ്രന്ഥകാരന്മാർ ബ്രാഹ്മണമതത്തേയും ഹിന്ദുമതത്തേയും തമ്മിൽ കൂട്ടിക്കുഴയ്ക്കാറുണ്ട്. രണ്ടും ഒന്നാണെന്ന് അവർ കരുതുന്നു. എന്നാൽ, യഥാർത്ഥത്തിൽ, ഉപനിഷത്തുക്കളുടെ കാലത്ത് ഹിന്ദുമതമുണ്ടായിരുന്നില്ല; ബ്രാഹ്മണമതമേ ഉണ്ടായിരുന്നുള്ളൂ. പ്രാചീനതത്വശാസ്ത്രകൃതികളിലൊന്നും തന്നെ 'ഹിന്ദു' എന്ന ഒരു പദംപോലും കാണുകയില്ല. ക്രിസ്തുബ്ദം 8-ാം നൂറ്റാണ്ടു മുതൽക്കുമാത്രമാണ് ഈ വാക്കുപയോഗിക്കാൻ തുടങ്ങിയത്. പേർസ്യാക്കാരാണത്രേ ആദ്യമായി അതുപയോഗിച്ചത്. 'ഇൻഡ്' (സിന്ധു) നദിയുടെ അടുത്തു പാർക്കുന്നവരെ അവർ ഹിന്ദുക്കൾ എന്നു വിളിച്ചുപോന്നു. അക്കാലത്തു തന്നെയാണ് അറബികളുടെ ആക്രമണങ്ങളുണ്ടായത്. അറബികൾ മുസ്ലീം മതക്കാരായിരുന്നു. മുസ്ലീങ്ങളുടെ വിശ്വാസങ്ങളും ഹിന്ദുക്കളുടെ വിശ്വാസങ്ങളും വ്യത്യസ്തങ്ങളായിരുന്നു. ഹിന്ദുക്കളുടെ മതം ഹിന്ദുമതം എന്ന പേരിലറിയപ്പെടാൻ തുടങ്ങി.

മധ്യകാലത്ത് ഫ്യൂഡൽ സാമൂഹ്യവ്യവസ്ഥയെ നിലനിർത്താനും ശക്തിപ്പെടുത്താനും സഹായിക്കുന്ന ഫ്യൂഡൽ ആശയസംഹിതയെന്ന നിലയ്ക്കാണ് ഹിന്ദുമതം രൂപമെടുത്തത്. ബ്രാഹ്മണമതം അടിമത്തത്തിന്റെ ആശയസംഹിതയായിരുന്നുവെങ്കിൽ ഹിന്ദുമതം ഫ്യൂഡലിസത്തിന്റെ ആശയസംഹിതയാണ്.

ഇന്ത്യയിലെ ഫ്യൂഡൽ സമുദായത്തിന്റെ പ്രത്യേകത അതിൽ പ്രാകൃതകമ്യൂണിസത്തിയും അടിമത്തവ്യവസ്ഥയുടെയും പല അവശിഷ്ടങ്ങളും നിലനിൽക്കുന്നുവെന്നതാണെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ഈ പ്രത്യേകതയുടെ ഫലമായി ഫ്യൂഡൽ കാലഘട്ടത്തിൽ പ്രാചീനകാലത്തെ പലതരം മതവിശ്വാസങ്ങളും ആചാരങ്ങളും തുടർന്നുപോന്നു. പുരോഹിതന്മാരായ ബ്രാഹ്മണർ ഈ വിവിധങ്ങളായ വിശ്വാസങ്ങളേയും ആചാരങ്ങളേയും ഒരേകീകരിച്ച സമ്പ്രദായമാക്കിമാറ്റാൻ ശ്രമിച്ചു. ഇതിനായി അടിമത്തവ്യവസ്ഥയിലെ ബ്രാഹ്മണമതത്തിന്റേയും ബുദ്ധമതത്തിന്റേയും പല സിദ്ധാന്തങ്ങളേയും അവർ സമർത്ഥമാംവിധം ഉപയോഗപ്പെടുത്തി. ഉദാഹരണത്തിന് ധർമം, കർമം, അഹിംസ മുതലായ സിദ്ധാന്തങ്ങൾക്ക് വലിയ പ്രാധാന്യം നൽകപ്പെട്ടു. ഓരോ ജാതിക്കും പ്രത്യേകം പ്രത്യേകം ധർമമുണ്ടെന്ന് അത് പഠിപ്പിച്ചു. പ്രാചീന ബ്രാഹ്മണമതത്തിൽ നിന്ന് കടം വാങ്ങിയ ഒരു സിദ്ധാന്തമാണിത്. പക്ഷേ, ഒന്നുണ്ട്: അടിമത്തവ്യവസ്ഥയിലെ വർണ്ണാശ്രമങ്ങൾ പുതിയ സാമൂഹ്യ പരിതഃസ്ഥിതികൾക്കു യോജിച്ച ജാതിവ്യവസ്ഥയായി രൂപാന്തരപ്പെട്ടു കഴിഞ്ഞിരുന്നു.

കർമത്തിനനുസരിച്ച് മരണത്തിനുശേഷം ഉയർന്ന ജാതിയിലോ താഴ്ന്ന ജാതിയിലോ ജനിക്കേണ്ടിവരുമെന്നും സ്വന്തം പ്രവർത്തിക്കനുസരിച്ച് സ്വർഗത്തിലോ നരകത്തിലോ എത്തുമെന്നും അവർ പഠിപ്പിച്ചു. ഫ്യൂഡൽ സാമ്പത്തികാസമത്വങ്ങളെ നിലനിർത്താനുള്ള ഒരുപായമായിരുന്നു ഇത്.

അഹിംസ ബുദ്ധമതം മുതൽക്ക് പ്രചാരത്തിലുള്ളതാണ്. മർദ്ദിത വർഗക്കാരുടെ സമരങ്ങളേയും പ്രക്ഷോഭങ്ങളേയും അടിച്ചമർത്താനുള്ള ഒരായുധമായിട്ടാണതുപയോഗിക്കപ്പെട്ടത്.

ആദ്യകാലത്തെ ബ്രാഹ്മണർ മാംസഭുക്കുകളായിരുന്നു. പശുമാംസംപോലും അവർ ഭക്ഷിച്ചിരുന്നതായി കാണാം. എന്നാൽ ജൈന-ബുദ്ധമതങ്ങളുടെ സ്വാധീനശക്തിയുടെ ഫലമായി പുതിയ ഹിന്ദുമതത്തിൽ മാംസഭക്ഷണം നിഷിദ്ധമായിത്തീർന്നു. ബുദ്ധമതവും ബ്രാഹ്മണമതവും തമ്മിൽ യോജിക്കുകയും ഇണങ്ങിച്ചേരുകയും ചെയ്തതിന്റെ ഫലമായി ബ്രാഹ്മണരുടെ ജീവിതചര്യകളിൽ ഇതുപോലെ മറ്റുപല മാറ്റങ്ങളുമുണ്ടായി.

വേദങ്ങളും ഉപനിഷത്തുക്കളും മറ്റു മതഗ്രന്ഥങ്ങളും ബ്രാഹ്മണരുടെ രക്ഷാധികാരത്തിലായിരുന്നു. തങ്ങളുടെ ഉയർന്ന സ്ഥാനങ്ങളും സ്വത്തുക്കളും നിലനിർത്താൻ ഇതവരെ സഹായിച്ചു. 'കർമ്മണ്യേവാധികാരസ്തേ മാ ഫലേഷു കദാചന', 'അഹിംസാപരമോധർമ': മുതലായ മുദ്രാവാക്യങ്ങളും ജാതിവ്യവസ്ഥയുടെ മഹാത്മ്യത്തെ കൊട്ടിഘോഷിക്കുന്ന തത്വോപദേശങ്ങളുമായി അവർ ഭൂരിപക്ഷക്കാരായ ജനങ്ങളോട് ദുഃഖങ്ങളും മർദ്ദനങ്ങളുമെല്ലാം പ്രതിഷേധം കൂടാതെ സഹിക്കാനാവശ്യപ്പെടുകയും ലൗകിക ജീവിതത്തിൽ നിരാശയും, നിസ്സഹായതയും വാരിവിതറിക്കൊണ്ട് പരബ്രഹ്മത്തിന്റെയും മോക്ഷത്തിന്റെയും നേർക്ക് കൈ ചൂണ്ടിക്കാണിക്കുകയും ചെയ്തു.

വിഷ്ണു, ശിവൻ എന്നീ രണ്ടു ദൈവങ്ങൾക്ക് ഈ കാലഘട്ടത്തിൽ പുതിയൊരു പ്രാധാന്യം ലഭിച്ചു. ചിലർ വിഷ്ണുവിന്റെ ഭക്തരും മറ്റുചിലർ ശിവന്റെ ഭക്തരുമായി. വൈഷ്ണവന്മാരും ശൈവന്മാരും തമ്മിൽ പലതരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളും സമരങ്ങളുമുണ്ടായി. ശിവൻ വലിയ നിലമുടമസ്ഥന്മാരുടെ ദൈവവും വിഷ്ണു അല്ലെങ്കിൽ ശ്രീകൃഷ്ണൻ ചെറിയ ഉല്പാദകന്മാരുടെ ദൈവവുമായിരുന്നു എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ചെറുകിട ഉല്പാദകന്മാരും വൻകിട ഉല്പാദകന്മാരും തമ്മിലുള്ള സമരമാണത്രേ ശൈവന്മാരും വൈഷ്ണവന്മാരും തമ്മിലുള്ള സമരത്തിൽ പ്രതിഫലിച്ചത്.

വിഷ്ണുവും ശിവനും മാത്രമല്ല, വിഷ്ണുവിന്റെ പത്തവതാരങ്ങൾ മാത്രമല്ല, വേറെയും അനേകം ദൈവങ്ങൾ ഈ കാലഘട്ടത്തിൽ ഉയിർത്തെഴുന്നേറ്റു. ഈ ദൈവങ്ങൾക്കെല്ലാം ഭാര്യമാരുമുണ്ടായിരുന്നു. വിഷ്ണുവിന്റെ ഭാര്യ ലക്ഷ്മി, ശിവന്റെ ഭാര്യ പാർവതി. പുരുഷദൈവങ്ങൾക്കും സ്ത്രീ ദൈവങ്ങൾക്കും സാധാരണ മനുഷ്യരുടേതായ എല്ലാ വികാരങ്ങളും അനുവദിക്കപ്പെട്ടു. അവർക്കുവേണ്ടി മനോഹരങ്ങളായ അനേകം ക്ഷേത്രങ്ങൾ നിർമിക്കപ്പെട്ടു. ബിംബാരാധന പ്രോത്സാഹിപ്പിക്കപ്പെട്ടു. ക്ഷേത്രങ്ങളിൽ ഗാനങ്ങൾ, നൃത്തങ്ങൾ, വാദ്യഘോഷങ്ങൾ, ആനകൾ, പട്ടു വസ്ത്രങ്ങൾ, സ്വർണാഭരണങ്ങൾ, സദ്യകൾ, എഴുന്നള്ളത്തുകൾ — ഇങ്ങനെ നാടുവാഴി പ്രഭുവിന്റേതായ എല്ലാത്തരം ധാടികളും ആഡംബരങ്ങളുമുണ്ടായിരുന്നു.

ഈ കാലഘട്ടത്തിലാണ് രാമായണവും മഹാഭാരതവും ആത്മീയമായ പശ്ചാത്തലത്തോടുകൂടി മാറ്റിയെഴുതപ്പെട്ടത്. പഴയ വീരപുരുഷന്മാർ ദൈവങ്ങളും ദൈവങ്ങളുടെ അവതാരങ്ങളുമായി മാറി. വേറെയും ഒട്ടനവധി പുരാണങ്ങൾ പുതുതായി രചിക്കപ്പെട്ടു.

ഈ കാലഘട്ടത്തിലാണ് മീമാംസയ്ക്ക് പുതിയ അർത്ഥങ്ങൾ കൽപ്പിക്കപ്പെടുകയും കർമ്മാനുഷ്ഠാനങ്ങൾക്കും മതച്ചടങ്ങുകൾക്കും അമിതമായ പ്രാധാന്യം നൽകപ്പെടുകയും ചെയ്തത്.

## 2 ആത്മീയവാദത്തിന്റെ മേധാവിത്വം

ഫ്യൂഡലിസത്തിൽ ആത്മീയവാദത്തിനാണ് മേധാവിത്വം. ഹിന്ദുമതത്തെ വളർത്താനുള്ള പരിശ്രമങ്ങളുടെ ഭാഗമെന്ന നിലയ്ക്ക് പുരോഗമനപരവും ഭൗതികവാദപരവുമായ ചിന്താഗതികൾ മറച്ചുവയ്ക്കപ്പെടുകയും വളച്ചൊടിക്കപ്പെടുകയും ചെയ്തു. വേദങ്ങളിലും ഉപനിഷത്തുക്കളിലുമടങ്ങിയ ആത്മീയവാദപരമായ ചിന്തകൾ ഉയർത്തിപ്പിടിക്കപ്പെട്ടു. ഉപനിഷത്തുകളും ഭഗവദ്ഗീതയും ബ്രഹ്മസൂത്രമെന്ന ഉപനിഷത്വ്യാഖ്യാനവും പുതിയ സാമൂഹ്യവ്യവസ്ഥയുടെ താത്വികാടിത്തറകളായിത്തീർന്നു. പ്രസ്ഥാനത്രയം എന്ന പേരിലാണവയറിയപ്പെടുന്നത്. ഇവയ്ക്കെല്ലാം ആത്മീയവാദത്തിലധിഷ്ഠിതമായ ഒട്ടനവധി ഭാഷ്യങ്ങളും വ്യാഖ്യാനങ്ങളുമുണ്ടായി.

ആത്മീയവാദം ഇന്ത്യയിലാദ്യമായി ആവിർഭവിച്ചത് ഹിന്ദുമതത്തിന്റെ കാലഘട്ടത്തിലല്ല. വർഗവ്യത്യാസങ്ങളാവിർഭവിച്ച കാലം മുതൽക്കേ അതു നിലനിന്നുപോന്നിട്ടുണ്ട്. ഉപനിഷത്തുക്കളിൽ ഭൗതികവാദപരമായ ചിന്തകളെന്നപോലെ തന്നെ ആത്മീയവാദപരമായ ചിന്തകളുമുണ്ട്.

ആത്മീയവാദം അപൂർണമാണ്. അശാസ്ത്രീയമാണ്. ഈ അപൂർണതയും അശാസ്ത്രീയതയും ഉപനിഷത്തുക്കളുടെ ആത്മീയവാദത്തിലും കാണാം. പക്ഷേ, രണ്ടായിരത്തഞ്ഞൂറു കൊല്ലങ്ങൾക്കുമുമ്പുണ്ടായ ഭാരതീയതത്വചിന്തകളിൽ ആധുനികശാസ്ത്രത്തിന്റേതായ ഗവേഷണരീതിയുണ്ടായിരുന്നില്ലെങ്കിൽ അതിൽ അത്ഭുതപ്പെടാനോ പരാതിപ്പെടാനോ എന്താണുള്ളത്? പ്രധാനമായ കാര്യമതല്ല. ആ ആത്മീയവാദം കേവലം പിന്തിരിപ്പത്തരമായിരുന്നില്ല. അതിൽ സത്യത്തിന്റെ ഒരംശമുണ്ടായിരുന്നു. അത് സത്യാന്വേഷണപരമായിരുന്നു. എന്തൊക്കെത്തന്നെ അപൂർണതകളുണ്ടായിരുന്നാലും പ്രകൃതിരഹസ്യങ്ങളേയും ജീവിതസത്യങ്ങളേയും കണ്ടുപിടിക്കാനുള്ള വെമ്പലിൽ നിന്നാണ് അതുടലെടുത്തത്. അതുകൊണ്ടുതന്നെ അതു ജീവിതത്തിൽ നിന്നുള്ള ഒരൊളിച്ചോട്ടമായിരുന്നില്ല. അത് ശുഭാപ്തിവിശ്വാസത്തിലധിഷ്ഠിതമായിരുന്നു. ഈ ശുഭാപ്തിവിശ്വാസം ബാദരായണന്റെ വേദാന്തസൂത്രങ്ങളിൽപ്പോലും അവിടെയും ഇവിടെയുമായി പ്രതിഫലിച്ചിട്ടുണ്ടെന്ന് കാണാം. ഫ്യൂഡലിസത്തിന്റെ കാലത്താണ് അതു തികച്ചും ജീവിതത്തിൽനിന്നുള്ള പിൻവലിയലായി മാറിയത്.

## 3 ബാദരായണന്റെ ബ്രഹ്മസൂത്രം

വേദാന്തസൂത്രങ്ങൾക്ക് ബ്രഹ്മസൂത്രം എന്നുകൂടി പേരുണ്ട്. ഉപനിഷത്തുക്കളിൽ അങ്ങിങ്ങായി ചിന്നിച്ചിതറിക്കിടക്കുന്ന ആദ്ധ്യാത്മികചിന്തകളെ പെറുക്കിയെടുത്ത് ക്രമപ്പെടുത്തുകയും ക്രോഡീകരിക്കുകയും ചെയ്തുകൊണ്ട് ക്രിമു. നാലാം നൂറ്റാണ്ടിൽ ബാദരായണൻ തയ്യാറാക്കിയ അഞ്ഞൂറ്റി അമ്പത്തഞ്ച് സൂത്രങ്ങളാണ് അതിന്റെ ഉള്ളടക്കം. പരമാത്മാവ്, ജീവാത്മാവ്, ജഗത് എന്നിവയുടെ ബന്ധങ്ങളെപ്പറ്റിയാണതു പ്രതിപാദിക്കുന്നത്. അതു നാലുഭാഗങ്ങളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒന്നാമത്തെ ഭാഗത്തിൽ ബ്രഹ്മത്തെപ്പറ്റിയും രണ്ടാമത്തെ ഭാഗത്തിൽ ജഗത്, ജീവൻ എന്നിവയ്ക്ക് ബ്രഹ്മവുമായുള്ള ബന്ധത്തെപ്പറ്റിയും മൂന്നാമത്തെ ഭാഗത്തിൽ ജഗത്, ജീവൻ എന്നിവയ്ക്ക് ബ്രഹ്മവുമായുള്ള ബ്രഹ്മവിദ്യ അല്ലെങ്കിൽ ബ്രഹ്മത്തെപ്പറ്റിയുള്ള ജ്ഞാനം നേടാനുള്ള മാർഗങ്ങളെപ്പറ്റിയും നാലാംഭാഗത്തിൽ മരണത്തിനു ശേഷമുള്ള ജീവാത്മാവിന്റെ സ്ഥിതിയെപ്പറ്റിയും സവിസ്തരം പ്രതിപാദിക്കുന്നു. ഓരോ ഭാഗവും നാലുപാദങ്ങളായും ഓരോ പാദവും അധികരണങ്ങളായും വിഭജിക്കപ്പെട്ടിട്ടുണ്ട്.

അഥാതോ ബ്രഹ്മജിജ്ഞാസാ എന്ന സൂത്രത്തോടു കൂടിയാരംഭിക്കുന്ന ഒന്നാം പാദത്തിൽ തന്നെ ബ്രഹ്മമുണ്ടെന്നുള്ള തെളിവുകൾ ശാസ്ത്രങ്ങളിൽ കാണാമെന്നും ബ്രഹ്മത്തിൽ നിന്നാണ് പ്രപഞ്ചവും സർവചരാചരങ്ങളും ഉദ്ഭവിച്ചത് എന്നും അദ്ദേഹം പ്രസ്താവിക്കുന്നു. എന്നാൽ ബാദരായണന്റെ ബ്രഹ്മം ഇച്ഛിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു ശക്തിയാണ്. പ്രപഞ്ചത്തിന്റെ കാര്യകാരണബന്ധങ്ങളുടെ പന്നിൽ ആ ഇച്ഛയും ആഗ്രഹവുമാണ് പ്രവർത്തിക്കുന്നത്. ബ്രഹ്മം കർമ്മോൻമുഖമാണ്. ആനന്ദമയമാണ്. സൃഷ്ടിയിൽ ദുഃഖം കാണപ്പെടുന്നു എന്നതുകൊണ്ടുമാത്രം ബ്രഹ്മം ആനന്ദമയമല്ലെന്നു പറയാൻ പാടില്ല. എന്തെന്നാൽ സൃഷ്ടിയിൽ ദുഃഖത്തിനല്ല സുഖത്തിനാണ് പ്രാചുര്യം. ബ്രഹ്മത്തോട് ഭക്തിയുള്ളവർക്കും ബ്രഹ്മത്തെ ധ്യാനിക്കുന്നവർക്കും മാത്രമേ മോക്ഷം ലഭിക്കൂ എന്നു പറയുന്നതും ശരിയല്ല. ഭക്തിയില്ലാത്തവരെ ബ്രഹ്മം ഉപേക്ഷിക്കുകയില്ല. അവർക്കും മോക്ഷമുണ്ട്. ലക്ഷ്യം ഒന്നുതന്നെയാണ്. അതുകൊണ്ട് ഗതിസാമാന്യമനുസരിച്ച് എല്ലാവർക്കും പുരോഗതിയുണ്ട്. എല്ലാവർക്കും രക്ഷയുണ്ട്. എല്ലാവരുടെയും ഹൃദയങ്ങളിലുള്ള ജ്യോതിസ്സാണ് ബ്രഹ്മം.

## 4 ഭഗവദ്ഗീത

ഹിന്ദുമതത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളിലൊന്നായിത്തീർന്ന ഭഗവദ്ഗീത മഹാഭാരതത്തിന്റെ ഒരു ഭാഗമാണ്. കുരുക്ഷേത്രത്തിലെ യുദ്ധക്കളത്തിലെ കൊലയും ചോരയും ബീഭത്സതകളും കണ്ടു മനസ്സുമടുത്ത യുധിഷ്ഠിര സഹോദരനായ അർജ്ജുനന് ശ്രീകൃഷ്ണൻ നൽകിയ ധർമോപദേശങ്ങളാണ് അതിന്റെ ഉള്ളടക്കം. ക്രിസ്ത്വബ്ദത്തിന് മുമ്പ് രണ്ടാം നൂറ്റാണ്ടിനോടടുത്താണ് അതു രചിക്കപ്പെട്ടതെന്നും എന്നാൽ ക്രിസ്ത്വബ്ദത്തിന് ശേഷം രണ്ടാം നൂറ്റാണ്ടായപ്പോൾ ആത്മീയവാദികളായ പണ്ഡിതൻമാരുടെ കൈവിരുതു മൂലരുപത്തിൽ പല മാറ്റങ്ങളും വരുത്തിക്കൊണ്ട് അതിനെ തിരുത്തിയെഴുതുകയും പുതുതായി പലതും കൂട്ടിച്ചേർക്കുകയും ചെയ്തുവെന്നും ചില ആധുനിക ഗവേഷകൻമാർ അഭിപ്രായപ്പെടുന്നു.

ഏതെങ്കിലുമൊരു പ്രത്യേക ചിന്താഗതി പ്രചരിപ്പിക്കുവാനോ ഏതെങ്കിലുമൊരു പ്രത്യേക തത്വശാസ്ത്രസമ്പ്രദായം സ്ഥാപിക്കുവാനോ ഭഗവദ്ഗീത പരിശ്രമിക്കുന്നില്ല. അതു രചിക്കപ്പെട്ട കാലത്തു നിലവിലുണ്ടായിരുന്ന തത്വശാസ്ത്രസംബന്ധിയായ എല്ലാ ചിന്താഗതികളും അതിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വേദാന്തത്തിനെന്ന പോലെ തന്നെ സാംഖ്യദർശനത്തിനും കർമയോഗത്തിനെന്ന പോലെ തന്നെ ജ്ഞാനയോഗത്തിനും ഭക്തിക്കെന്ന പോലെ തന്നെ സന്യാസത്തിനും അതിൽ സ്ഥാനമുണ്ട്. മഹർഷിമാരിൽ ഭൃഗുവിനെയാണ് ശ്രേഷ്ഠനായി കണക്കാക്കുന്നതെങ്കിൽ സിദ്ധൻമാരിൽ വച്ച് ഏറ്റവും വലിയ മഹാൻ കപിലനാണെന്ന് അതു പ്രഖ്യാപിക്കുന്നു. എല്ലാത്തരം ഉപാസനകൾക്കും അത് സ്ഥാനമനുവദിക്കുന്നു. എല്ലാ ദൈവങ്ങളെയും അത് അംഗീകരിക്കുന്നു. വാസ്തവത്തിൽ വിവിധ ചിന്താഗതികളെ, വിവിധ തത്വശാസ്ത്രങ്ങളെ സമവായീകരിക്കുവാനും കൂട്ടിയിണക്കാനുമുള്ള ഒരു ഉദ്യമമാണതിലടങ്ങിയിരിക്കുന്നത്.

അർജ്ജുനന്റെ വിഷാദം തീർക്കാനാവശ്യമായ ഉപദേശങ്ങളുടെ രൂപത്തിൽ പതിനെട്ടദ്ധ്യായങ്ങളിലായി വിവിധ വീക്ഷണഗതികളെയും വിവിധസമ്പ്രദായങ്ങളെയും അതു വിവരിക്കുന്നു. ആത്മാവിനെപ്പറ്റിയും പരമാത്മാവിനെപ്പറ്റിയും ധാരാളം പറയുന്നുണ്ട്. ആത്മാവിനെ ശാസ്ത്രങ്ങൾ ഛേദിക്കുന്നില്ല. അഗ്നി ദഹിപ്പിക്കുന്നില്ല. ജലം ശിഥിലമാക്കുന്നില്ല. വായു ശോഷിപ്പിക്കുന്നില്ല. വായു എപ്പോഴും ആകാശത്തിലിരിക്കുന്നതെപ്രകാരമോ അപ്രകാരം തന്നെ എല്ലാ ഭൂതങ്ങളും പരമാത്മാവിൽ സ്ഥിതി ചെയ്യുന്നു. എന്നാൽ, പരമാത്മാവ് കാര്യകാരണബന്ധങ്ങളിലൂടെയും പ്രകൃതിനിയമങ്ങളിലൂടെയുമാണ് തന്റെ പരമാധികാരം പുലർത്തുന്നത്. എന്നതല്ല, പ്രകൃതികാര്യങ്ങളിൽ ഈശ്വരന് കർതൃത്വമില്ല എന്നു പോലും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. പതിമൂന്നാം അദ്ധ്യായം ഇരുപതാം ശ്ലോകത്തിൽ പറയുന്നത് നോക്കുക:

> ‘പ്രകൃതിയും പുരുഷനും രണ്ടും അനാദിയാണ്. വികാരങ്ങളും ഗുണങ്ങളും പ്രകൃതിയിൽ നിന്നുത്ഭവിച്ചവയാണെന്ന് മനസ്സിലാക്കുക.’

# 5 സാംഖ്യയോഗങ്ങളുടെ സ്വാധീനം

സത്വരജസ്തമോഗുണങ്ങൾ പ്രകൃതിയിൽ നിന്നാണുണ്ടാകുന്നത്. നാശമില്ലാത്ത ആത്മാവിനെ അതു ദേഹത്തിൽ ബന്ധിക്കുന്നു. പുരുഷൻ പ്രകൃതിയിലടങ്ങിയിരിക്കുന്നു. കാര്യകാരണകതൃത്വത്തിൽ പ്രകൃതിയാണ് ഹേതു. സുഖദുഃഖങ്ങളുടെ ഭോകൃതൃത്വത്തിലാകട്ടെ ഹേതു പുരുഷനാണ്. ആത്മാവിനെ ദേഹത്തിൽ നിന്നും ദേഹത്തിനെ ആത്മാവിൽ നിന്നും വേർതിരിച്ചറിയുകയാണ് ആവശ്യം.

വീണ്ടും പറയുന്നു:

> പ്രകൃതിയാൽതന്നെ കർമങ്ങളെല്ലാം ചെയ്യപ്പെടുന്നുവെന്നും ആത്മാവ് കർത്താവല്ലെന്നും ആർ കാണുന്നുവോ അവൻ ശരിക്കു കാണുന്നു.

വീണ്ടും,

പ്രകൃതിയുടെ ഗുണങ്ങളാൽ ചെയ്യപ്പെടുന്ന എല്ലാ കർമ്മങ്ങളെക്കുറിച്ചും അഹങ്കാരത്തിൽ അറിയപ്പെടാതിരിക്കുന്ന ആത്മാവോടുകൂടിയവൻ ഞാൻ കർത്താവാണ് എന്നു വിചാരിക്കുന്നു.

സാംഖ്യത്തെപ്പറ്റി മാത്രമല്ല, യോഗത്തെപ്പറ്റിയും ഗീത വിവരിക്കുന്നുണ്ട്. അഞ്ചാം അദ്ധ്യായത്തിലൊരിടത്ത് ഇങ്ങനെ പറയുന്നു:

അറിവില്ലാത്തവർ സാംഖ്യവും യോഗവും ഭിന്നങ്ങളാണെന്നു പറയുന്നു. അറിവുള്ളവർ അങ്ങനെ പറയുന്നില്ല. ഏതെങ്കിലുമൊന്നിനെ വേണ്ടവിധം അനുഷ്ഠിക്കുന്നവൻ രണ്ടിന്റെയും ഫലത്തെ അനുഭവിക്കുന്നു. സാംഖ്യവും യോഗവും ഒന്നുതന്നെയാണെന്ന് കാണുന്നവൻ ശരിക്കു കാണുന്നു.

സാംഖ്യത്തെപ്പറ്റിയും യോഗത്തെപ്പറ്റിയുമുള്ള ഈ നീണ്ട വിവരണങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് റിച്ചാർഡ് ഗാർബേ ഇങ്ങനെ എഴുതുന്നു.

> ‘ഭഗവദ്ഗീതയിലെ തത്വശാസ്ത്രസംബന്ധിയായ നിഗമനങ്ങളുടെ അടിത്തറ ഏതാണ്ട് പൂർണമായിത്തന്നെ സാംഖ്യയോഗങ്ങളെപ്പറ്റിയുള്ള പഠനമാണ്. അവയെ അപേക്ഷിച്ച് വേദാന്തത്തിന് രണ്ടാം സ്ഥാനം മാത്രമേയുള്ളൂ. സാംഖ്യവും യോഗവും പലപ്പോഴും പേരെടുത്തു പ്രസ്താവിക്കപ്പെടുന്നുണ്ട്. എന്നാൽ വേദാന്തത്തെപ്പറ്റി ഒരിക്കൽ മാത്രമേ (വേദാന്തകൃത്, പതിനഞ്ചാം അദ്ധ്യായം പതിനഞ്ചാം ശ്ലോകം) പ്രസ്താവിക്കുന്നുള്ളൂ. അതും ഉപനിഷത്തുക്കൾ ഉദ്ദേശിക്കുന്ന അർത്ഥത്തിൽ അതുകൊണ്ട് നമുക്ക് ലഭിച്ചിട്ടുള്ള ഗീതയിലെ തത്വശാസ്ത്രസമ്പ്രദായങ്ങളെപ്പറ്റി മാത്രമാലോചിക്കുകയും സാംഖ്യയോഗങ്ങളും വേദാന്തവും തമ്മിലുള്ള നികത്താനാവാത്ത വൈരുദ്ധ്യങ്ങളെ — ആ വൈരുദ്ധ്യങ്ങൾ പരിഹരിക്കാൻ പഴയതും പുതിയതും തമ്മിൽ വേർതിരിച്ചു കാണുകയേ നിവൃത്തിയുള്ളൂ — പരിഗണിക്കുകയും ചെയ്താൽ ഭഗവദ്ഗീതയിലെ വേദാന്തത്തെപ്പറ്റിയുള്ള ഭാഗങ്ങൾ മൗലികകൃതിയിലുണ്ടായിരുന്നില്ല എന്നു തെളിയും. ഗീതയെ മതപരമായ വീക്ഷണഗതിയിലൂടെ പരിശോധിച്ചാലും തത്വശാസ്ത്രപരമായ വീക്ഷണ ഗതിയിലൂടെ പരിശോധിച്ചാലും ഫലം ഇതുതന്നെയായിരിക്കും.

# 6 ഹിന്ദുമതത്തിന്റെ അടിത്തറ

ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ ആശയങ്ങൾ പലതും അടങ്ങിയിട്ടുള്ളതിനാലാണ് ഭഗവദ്ഗീതയെ വ്യത്യസ്ത ചിന്തകൻമാർക്ക് വ്യത്യസ്ത വീക്ഷണഗതിയോടുകൂടി വ്യാഖ്യാനിക്കാൻ എളുപ്പമായിത്തീർന്നത്.

വാസ്തവത്തിൽ ഭഗവദ്ഗീതയിലെയോ ബാദരായണന്റെ ബ്രഹ്മസൂത്രത്തിലെയോ ഉപനിഷത്തുക്കളിലെ തന്നെയോ ദാർശനിക ചിന്തകളല്ല, അവയ്ക്ക് ഫ്യൂഡൽ കാലഘട്ടത്തിലുണ്ടായ ഭാഷ്യങ്ങളും വ്യാഖ്യാനങ്ങളുമാണ് ഹിന്ദുമതത്തിന്റെ താത്വികാടിത്തറയായിത്തീർന്നത്. ശങ്കരൻ, രാമാനുജൻ, മാധ്വൻ, വല്ലഭൻ, ജീവഗോസ്വാമി മുതലായവരായിരുന്നു വ്യാഖ്യാതാക്കളിൽ പ്രമുഖർ. ജീവാത്മാവും ബ്രഹ്മവും തമ്മിലുള്ള ബന്ധമെന്തെന്നാണ് എല്ലാവരും പരിശോധിച്ചത്. വ്യാഖ്യാതാക്കളുടെ വിഭിന്നങ്ങളായ വീക്ഷണഗതികളനുസരിച്ച് ആത്മീയവാദത്തിന്റെ ഇടുങ്ങിയ ചട്ടക്കൂട്ടിനുള്ളിൽ വ്യത്യസ്തങ്ങളായ പല അഭിപ്രായങ്ങളും ഉന്നയിക്കപ്പെട്ടു. അങ്ങനെ ക്രമത്തിൽ ഹിന്ദുമതം മാത്രമല്ല ഭാരതീയ തത്വജ്ഞാനമാകെത്തന്നെ ആദ്ധ്യാത്മികവാദത്തിലടിയുറച്ചതാണെന്ന ധാരണ സമർത്ഥമാം വിധം പ്രചരിപ്പിക്കപ്പെട്ടു.

വസ്തുനിഷ്ഠവും ഭൗതികവാദപരവുമായ എല്ലാത്തരം ചിന്താഗതികളെയും വിട്ടുവീഴ്ചയില്ലാതെ എതിർത്തുകൊണ്ട് ഹിന്ദുമതത്തിന്റെ ഈ താത്വികാടിസ്ഥാനമുറപ്പിച്ച ദാർശനികൻമാരിൽ ഏറ്റവുമധികം പ്രശസ്തിയാർജ്ജിച്ച മഹാൻ അദ്വൈതവേദാന്തത്തിന്റെ സ്ഥാപകനായ ശങ്കരാചാര്യരാണ്. □

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014